# വ്യാവസായിക പരിശീലന വകുപ്പ്
# നാഷണൽ സർവ്വീസ് സ്കീം സെൽ
## ചാക്ക ഐ.റ്റി.ഐ. ക്യാമ്പസ്, ബീച്ച് പി.ഒ., തിരുവനന്തപുരം

## 2014-15 വർഷത്തെ വ്യാവസായിക പരിശീലന വകുപ്പ് നാഷണൽ സർവ്വീസ് സ്കീം സെൽ ഉപദേശകസമിതിയോഗ നടപടിക്കുറിപ്പ്

വ്യാവസായിക പരിശീലന വകുപ്പ് നാഷണൽ സർവ്വീസ് സ്കീം സെല്ലിന്റെ സംസ്ഥാനതല പ്രവർത്തനങ്ങൾക്ക് ഉപദേശം നൽകുന്നതിനായി രൂപീകരിച്ച സംസ്ഥാനതല ഉപദേശകസമിതിയംഗങ്ങളുടെ യോഗം വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ ശ്രീമതി എ. ഷൈനാമോൾ ഐ.എ.എസ്. അവർകളുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം ഹൗസിംഗ് ബോർഡ് കെട്ടിടത്തിലെ വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറുടെ ചേമ്പറിൽ 8.10.2014-ന് രാവിലെ 11 മണിക്ക് കൂടി.

യോഗത്തിൽ പങ്കെടുത്ത മുഴുവൻ അംഗങ്ങളെയും ശ്രീ കെ.എസ്. ധർമ്മരാജൻ പ്രോഗ്രാം കോ-ഓർഡിനേറ്റർ യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

സാമൂഹ്യ പ്രതിബദ്ധതയുള്ള ഒട്ടനവധി പദ്ധതികൾ നമ്മുടെ ഐ.ടി.ഐ.കളിൽ എൻ.എസ്.എസ്. യൂണിറ്റുകൾ മുഖേന നടത്തുവാൻ കഴിഞ്ഞിട്ടുള്ളത് വളരെ മാതൃകാപരമാണെന്നും ഇനി ധാരാളം പദ്ധതികൾ ഏറ്റെടുക്കണമെന്നും നമ്മുടെ ഐ.ടി.ഐ.കളിൽ പരിശീലനത്തിനായി പ്രവേശനം നേടുന്ന പെൺകുട്ടികൾ അവരുടെ പരിശീലനം പൂർത്തിയാക്കാതെ പരിശീലനം അവസാനിപ്പിക്കുന്ന ഒരു പ്രവണത കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ കൂടി വരുന്നതായി കാണുന്നു. ഇത്തരത്തിലുള്ള കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കുവാൻ രക്ഷിതാക്കളെയും കുട്ടികളെയും ബോധവത്കരിക്കുകയും ആയതിന് പി.ടി.എ., തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, ഇതര സർക്കാർ വകുപ്പുകൾ എന്നിവരുടെ സഹകരണം ലഭ്യമാക്കുകയും, കൊഴിഞ്ഞുപോക്ക് അവസാനിപ്പുക്കുവാൻ ആവശ്യമായ പദ്ധതികൾ രൂപീകരിക്കുവാൻ ജില്ലകളിലെ എൻ.എസ്.എസ്. പ്രോഗ്രാം ആഫീസർമാർ പ്രത്യേക പഠനം നടത്തി രൂപരേഖ തയ്യാറാക്കണമെന്നും മലയോര മേഖലകളിലെ ഐ.ടി.ഐ.കളിൽ പ്രവർത്തിക്കുന്ന എൻ.എസ്.എസ്. യൂണിറ്റുകൾ ആദിവാസി കുട്ടികളെ ഐ.ടി.ഐ.കളിലേക്ക് ആകർഷിക്കുവാനും ഐ.ടി.ഐ. പരിശീലനത്തിന്റെ മേന്മകൾ ഇവരുടെ മേഖലകളിൽ പ്രചരിപ്പിക്കുവാൻ മറ്റ് സർക്കാർ വകുപ്പുകളുടെ സഹായത്തോടെ പ്രചരണ പരിപാടികൾ എൻ.എസ്.എസ്. പ്രോഗ്രാം ആഫീസർമാർ നടപ്പിലാക്കേണ്ടതും, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, തദദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാർത്ഥി സമൂഹത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണഭോക്താക്കളായി ഐ.ടി.ഐ. പരിശീലനാർത്ഥികളെക്കൂടി ഉൾപ്പെടുത്തുവാൻ ആവശ്യമായ കർമ്മപദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുവാൻ എൻ.എസ്.എസ്. യൂണിറ്റുകൾ ശ്രമിക്കണമെന്നും എൻ.എസ്.എസ്. യൂണിറ്റുകൾ ഇല്ലാത്ത ഐ.ടി.ഐകളിൽക്കൂടി ഇത്തരം പദ്ധതികളുടെ പ്രയോജനം എത്തിക്കുവാൻ കഴിയണമെന്നും എൻ.എസ്.എസിന്റെ പ്രവർത്തനങ്ങൾക്ക് കേരളത്തിലെ മുഴുവൻ ഐ.ടി.ഐ. പരിശീലനാർത്ഥികളിലേക്ക് വ്യാപിപ്പിക്കുവാൻ കഴിയട്ടെയെന്നും ആശംസിച്ചു.

18/10/2013-ലെ ഉപദേശകസമിതിയോഗ നടപടിക്കുറിപ്പും തീരുമാനങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ചുള്ള റിപ്പോർട്ടും പ്രധാന പ്രവർത്തന റിപ്പോർട്ടും പ്രോഗ്രാം കോ-ഓർഡിനേറ്റർ ശ്രീ കെ.എസ്. ധർമ്മരാജൻ അവതരിപ്പിച്ചു. റിക്കാർഡു ചെയ്തു.

2014-15 വർഷത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളും പരിപാടികളെയും സംബന്ധിച്ച് തയ്യാറാക്കിയ ആക്ഷൻ പ്ലാനിൽ എൻ.എസ്.എസ്. സ്റ്റേറ്റ് സെൽ നിർദ്ദേശിച്ചിട്ടുള്ള ഫ്ളാഗ്ഷിപ്പ് പരിപാടികൾക്കു പുറമെ വ്യാവസായിക പരിശീലന വകുപ്പ് നാഷണൽ സർവ്വീസ് സ്കീം പ്രത്യേക പദ്ധതിയായി ഉൾപ്പെടുത്തുന്നു.

1. **പച്ചില-2020 : വിഷവിമുക്ത പച്ചക്കറി, പഴവർഗ്ഗ ജൈവകൃഷി സംരംഭം**

വിഷവിമുക്തമായ പച്ചക്കറികളും പഴവർഗ്ഗങ്ങളും എൻ.എസ്.എസ്. വാളന്റിയർമാരുടെ ഭവ

നങ്ങളിൽ കർശനമായും ഉല്പാദിപ്പിക്കുകയും പ്രചരിപ്പിക്കുകയും മറ്റുള്ളവരെ ബോധവത്കരിക്കുകയും ആയതിനാവശ്യമായ സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, പരിശീലന പദ്ധതികൾ എന്നിവ സംഘടിപ്പിക്കുകയും ഐ.ടി.ഐ. ക്യാമ്പസിനുള്ളിൽ തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുകയും അതാത് സ്ഥലങ്ങൾക്ക് അനുയോജ്യമായ കൃഷികൾക്ക് പുറമെ, **കറിവേപ്പില, മുരിങ്ങ, പപ്പായ** എന്നിവ കർശനമായും കൃഷി ചെയ്യുകയും എൻ.എസ്.എസ്. വാളന്റിയർമാർ അവരുടെ ഭവനങ്ങളിൽ കൃഷി ചെയ്യേണ്ടതും 2020 ആകുമ്പോഴേക്കും എല്ലാ ഐ.ടി.ഐകളിലും എൻ.എസ്.എസ് വാളന്റിയർമാരുടെ ഭവനങ്ങളിലും വിഷവിമുക്തമായ പച്ചക്കറി-പഴവർഗ്ഗങ്ങൾക്ക് പുറമെ **കറിവേപ്പില, മുരിങ്ങ, പപ്പായ** എന്നിവയിൽ സ്വയംപര്യാപ്തത നേടുകയും ചെയ്യും. ദത്തെടുത്ത ഗ്രാമങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കേണ്ടതുമാണ്. ഈ പദ്ധതിക്ക് ആവശ്യമായ സാങ്കേതിക സഹായം, സാമ്പത്തിക സഹായം, കൃഷിവകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പി.ടി.എ, എന്നിവിടങ്ങളിൽനിന്നും പ്രതീക്ഷിക്കാവുന്നതാണ്.

ഐ.ടി.ഐകളിൽ ആരംഭിക്കുന്ന കൃഷിത്തോട്ടങ്ങളിലേക്ക് ആവശ്യമായ ജൈവവളം അതാത് ഐ.ടി.ഐകളിൽ തന്നെ ഉല്പാദിപ്പിക്കേണ്ടതാണ്. ഇതിനാവശ്യമായ സാങ്കേതിക ഉപദേശം കൃഷിവകുപ്പ്, ശുചിത്വമിഷൻ എന്നിവിടങ്ങളിൽനിന്നും ലഭ്യമാക്കുന്നതാണ്.

**2. ശുചിത്വ ക്യാമ്പസ് - പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ്**

എൻ.എസ്.എസ്. സപ്തദിന സഹവാസ ക്യാമ്പിനോടനുബന്ധിച്ച് ഐ.ടി.ഐ.കളിലെ ശൗച്യാലയങ്ങൾ വൃത്തിയാക്കുകയും പുതിയവ നിർമ്മിക്കുകയും അറ്റകുറ്റപ്പണികൾ നടത്തേണ്ടവ ആയത് നടത്തി ഉപയോഗപ്രദമാക്കുകയും പുതിയവ നിർമ്മിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സാമൂഹ്യസേവന രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾ എന്നിവയുടെ സഹായം ലഭ്യമാക്കാവുന്നതാണ്.

സാധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി എൻ.എസ്.എസ്. വാളന്റിയർമാർ ക്യാമ്പസുകളിലെ പ്ലാസ്റ്റിക്കുകൾ ശേഖരിക്കുകയും അവ ശുചിത്വമിഷന്റെ സഹായത്തോടെ നീക്കം ചെയ്യേണ്ടതും സ്ഥിരമായി പ്ലാസ്റ്റിക് ശേഖരിക്കുവാൻ പ്രത്യേക നെറ്റ് ബോക്സുകൾ പി.ടി.എയുടെ സഹായത്തോടെ ക്യാമ്പസിൽ സ്ഥാപിക്കുകയും ആയതിന്റെ പരിചരണം എൻ.എസ്.എസ്. വാളന്റിയർമാർ ഏറ്റെടുക്കേണ്ടതും നെറ്റ് ബോക്സുകളിൽ പ്ലാസ്റ്റിക് നിക്ഷേപിക്കുവാനാവശ്യമായ പ്രചരണം ഐ.ടി.ഐ.കളിൽ നടത്തേണ്ടതുമാണ്.

**3. ആശാകിരൺ**

ഐ.ടി.ഐ.കളിൽ പ്രവേശനം നേടുന്ന പെൺകുട്ടികൾ പരിശീലനം പൂർത്തിയാക്കാതെ ഡ്രോപ്പ് ഔട്ട് ആകുന്ന ഒരു പ്രവണത സംസ്ഥാനത്തെ ചില ഐ.ടി.ഐകളിൽ കണ്ടുവരുന്നു. ഇത്തരത്തിൽ പരിശീലനാർത്ഥികൾ പരിശീലന കാലഘട്ടത്തിൽ കൊഴിഞ്ഞു പോകുന്നത് ആശാസ്യകരമായ ഒരു നടപടിയല്ലാത്തതിനാൽ ഇത്തരം കൊഴിഞ്ഞു പോക്ക് നിരുത്സാഹപ്പെടുത്തേണ്ടതാണ്. പ്രവേശനം നേടുന്ന പരിശീലനാർത്ഥികളെയും രക്ഷകർത്താക്കളെയും ആദ്യപടിയായി ബോധവത്കരിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ സഹകരണം ഈ കാര്യത്തിൽ ഉറപ്പ് വരുത്തേണ്ടതും, ഇത്തരം കുട്ടികളുടെ സാമൂഹ്യ-സാമ്പത്തിക സാഹചര്യങ്ങൾ വിലയിരുത്തി ആവശ്യമായ നടപടികൾ എൻ.എസ്.എസ്. പ്രോഗ്രാം ആഫീസർമാർ, പ്രിൻസിപ്പാൾ, പി.ടി.എ. കമ്മിറ്റികൾ സംയുക്തമായി ചർച്ച ചെയ്ത് നടപടി സ്വീകരിക്കേണ്ടതാണ്. കേരളത്തിലെ ഐ.ടി.ഐ.കളിൽ പ്രവേശനം നേടുന്ന പരിശീലനാർത്ഥികൾ പ്രവേശന കാലഘട്ടത്തിൽ പരിശീലനം നിർത്തുന്നത് ഒഴിവാക്കുന്നതിന് എൻ.എസ്.എസ്. യൂണിറ്റുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന **ആശാകിരൺ പദ്ധതി** കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്.

**4. തൊഴിൽക്കൂട്ടം**

മലയോരമേഖലകളിലെ ആദിവാസി യുവാക്കൾക്ക് അവരുടെ അഭിരുചിക്ക് അനുസരിച്ച് സാങ്കേതിക പരിജ്ഞാനം പകർന്നു നൽകുവാൻ ഐ.ടി.ഐ.കളിലെ എൻ.എസ്.എസ്. യൂണിറ്റുകളിലൂടെ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ സംസ്ഥാന യുവജനക്ഷേമ ബോർഡ്, കായിക യുവജനക്ഷേമ വകുപ്പ്, സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പ്, ഇതര ക്ഷേമ കോർപ്പറേഷനുകളുടെ സഹകരണവും സഹായവും ലഭ്യമാക്കുന്നു.

എൻ.എസ്.എസ്. വാളന്റിയർമാർ ഈ മേഖലകളിലെ യുവാക്കളിൽ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ മേന്മകൾ, തൊഴിൽസാദ്ധ്യതകൾ എന്നിവയെ സംബന്ധിച്ച് ബോധവത്കരണം നടത്തി അവർക്ക് പരിശീലനം നേടുന്നതിനാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ഈ പദ്ധതി തൊഴിൽക്കൂട്ടം എന്ന പേരിൽ നടപ്പിലാക്കുന്നു.

**5. ഗ്രാമസ്വരാജ്**

സപ്തദിന സഹവാസ ക്യാമ്പിനോടനുബന്ധിച്ച് എൻ.എസ്.എസ്. വാളന്റിയർമാർ ദത്തെടുത്ത ഗ്രാമത്തിലെ തൊഴിലില്ലാത്ത യുവജനങ്ങളെ കണ്ടെത്തി അവർക്ക് സാങ്കേതിക വിദ്യാഭ്യാസത്തിലൂടെ സ്വയംതൊഴിൽ സംരംഭങ്ങൾ ആവിഷ്കരിക്കുന്നതിന്റെ സാധ്യതകളും പ്രയോജനങ്ങളും സംബന്ധിച്ച് ബോധവത്കരണം നടത്തി. അവർക്ക് അവരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ പരിശീലനം നൽകുന്ന ഗ്രാമസ്വരാജ് പദ്ധതിയിൽ, വ്യാവസായിക വകുപ്പ്; പിന്നോക്ക, മുന്നോക്ക ക്ഷേമ കോർപ്പറേഷൻ, യുവജനക്ഷേമ ബോർഡ് എന്നിവിടങ്ങളിൽ നിന്നുമുള്ള സഹകരണം ഈ പദ്ധതിയിലൂടെ ലഭ്യമാക്കുന്നതാണ്.

**6. ലഹരിവിമുക്ത ക്യാമ്പസ്**

സംസ്ഥാന എക്സൈസ് വകുപ്പ് സംസ്ഥാനത്തെ വിദ്യാലയങ്ങളിലൂടെ നടപ്പിലാക്കുന്ന ലഹരിവിമുക്ത ക്ലാസ്സുകൾ സംസ്ഥാനത്ത് എല്ലാ ഐ.ടി.ഐകളിലും (സർക്കാർ/സ്വകാര്യ) നടപ്പിലാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പ്രോഗ്രാം കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തി. ജില്ലാതലത്തിൽ ജില്ലാതല മോണിറ്ററിംഗ് കമ്മറ്റികൾ രൂപീകരിക്കേണ്ടതും ജില്ലയിൽനിന്നും തെരഞ്ഞെടുക്കുന്ന എൻ.എസ്.എസ്. പ്രോഗ്രാം ആഫീസർ ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്.

**7. അവാർഡ്ദാനം**

ഏറ്റവും കാര്യക്ഷമമായി പ്രവർത്തിച്ച മൂന്ന് എൻ.എസ്.എസ്. യൂണിറ്റ്, മൂന്ന് പ്രോഗ്രാം ഓഫീസർമാർ, മൂന്ന് വാളന്റിയർമാർ, സെക്രട്ടറിമാർ എന്നിവർക്ക് അവാർഡുകൾ നൽകുവാനും കൂടാതെ എൻ.എസ്.എസ്. പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന പ്രിൻസിപ്പാൾമാർ/പി.റ്റി.എ/ജീവനക്കാർ എന്നിവരെ അഭിനന്ദിക്കുവാനും അവാർഡുദാന ചടങ്ങ് ഡിസംബർ മാസത്തിൽ സംഘടിപ്പിക്കുന്നതിനും ആയതിനാവശ്യമായ ചിലവുകൾ സംസ്ഥാനതല ഫണ്ടിൽനിന്നും ചിലവഴിക്കുന്നതിനും തീരുമാനിച്ചു ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ പ്രോഗ്രാം കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തി.

**8. സെമിനാർ, ക്യാമ്പ് പരിശീലനം**

സംസ്ഥാനതല എൻ.എസ്.എസ്. ഉപദേശ സമിതി തീരുമാനങ്ങളും വകുപ്പുതല എൻ.എസ്.എസ്. ഉപദേശസമിതി യോഗത്തിന്റെ തീരുമാനങ്ങളും നടപ്പിലാക്കുന്നതിന് പ്രോഗ്രാം ആഫീസർമാർക്കും വാളന്റിയർമാർക്കും സെമിനാർ, ക്യാമ്പ് പരിശീലനം സംഘടിപ്പിക്കേണ്ടതാണ്. സംസ്ഥാനതല അവാർഡ്, പരിശീലനം, ക്യാമ്പ്, സെമിനാർ എന്നീ പരിപാടികളുടെ നടത്തിപ്പിന് ഒരു വാളന്റിയർക്ക് 20 രൂപ ക്രമത്തിൽ ഐ.ടി.ഡി.എൻ.എസ്.എസ്. സെൽ നൽകേണ്ടതാണ്.

**9. ഗ്രേസ് മാർക്ക്**

എൻ.എസ്.എസ്. വാളന്റിയർമാർക്ക് മറ്റ് ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എൻ.എസ്.എസ്. വാളന്റിയർമാർക്ക് ലഭിക്കുന്ന ഗ്രേസ് മാർക്ക് ലഭിക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ പ്രോഗ്രാം കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തി.

**10. സെൽഫ് ഫൈനാൻസിംഗ് എൻ.എസ്.എസ്. യൂണിറ്റുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്**

സെൽഫ് ഫൈനാൻസിംഗ് എൻ.എസ്.എസ്. യൂണിറ്റുകൾ ആരംഭിക്കുന്നതിന് കേന്ദ്രസംസ്ഥാന സർക്കാരുകൾ തീരുമാനിച്ചതുപ്രകാരം വ്യാവസായിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പുതിയ എൻ.എസ്.എസ്. യൂണിറ്റുകൾ പി.റ്റി.എ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നിലവിലുള്ള മാർഗരേഖയ്ക്ക് വിധേയമായി ഗവ. ഐ.റ്റി.ഐകൾക്ക് മുൻഗണന നൽകി അനുവദിക്കുവാനും ഗവ. ഐറ്റി.ഐകൾക്ക് താല്പര്യമല്ലാത്ത പക്ഷം പ്രൈവറ്റ് ഐ.ടി.ഐ.കൾക്ക്

മാർഗരേഖയ്ക്ക് വിധേയമായി അനുവദിക്കുന്നതിനും വകുപ്പ്തല വെബ്സൈറ്റിൽ ഈ വിവരം പ്രസിദ്ധീകരിക്കുവാനും പ്രോഗ്രാം കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തി.

**11. റെഡ് റിബൺ ക്ലബ്ബ്**

സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന റെഡ് റിബൺ ക്ലബുകളുടെ പ്രവർത്തനം കേരളത്തിലെ മുഴുവൻ സർക്കാർ/സ്വകാര്യ ഐ.ടി.ഐകളിലെ പരിശീലനാർത്ഥികൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിൽ വ്യാപിപ്പിക്കുവാൻ തീരുമാനിച്ചു.

**12. എൻ.എസ്.എസ്. വകുപ്പുതല പ്രവർത്തനം**

എൻ.എസ്.എസ്. പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്ന വ്യവസായ പരിശീലന വകുപ്പ് നാഷണൽ സർവ്വീസ് സ്കീം സെല്ലിന് സ്വന്തമായി ആഫീസ് അനുവദിക്കുന്നതിനും ആഫീസിലേക്ക് ആവശ്യമായ ഫർണിച്ചറുകൾ വകുപ്പുതലത്തിൽ ലഭ്യമാക്കുവാൻ തീരുമാനിച്ചു.

**13. യാത്രാബത്ത/ദിനബത്ത**

എൻ.എസ്.എസ്. പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് യാത്ര ചെയ്യുന്നതിനുള്ള യാത്രബത്ത, ദിനബത്ത വകുപ്പുതല ഫണ്ടിൽനിന്നും പ്രോഗ്രാം കോ-ഓർഡിനേറ്റർ, അസിസ്റ്റന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, പ്രോഗ്രാം ഓഫീസർമാർ എന്നിവർ അർഹരാണ്.

**14. ക്ഷേമപ്രവർത്തനങ്ങൾ**

വിവിധ സർക്കാർ ഏജൻസികൾ നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ അതാത് എൻ.എസ്.എസ്. യൂണിറ്റുകൾ ബന്ധപ്പെട്ട വകുപ്പുകളും ഏജൻസികളുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത് നടത്തേണ്ടതും പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ മുൻകൂർ അനുവാദം വാങ്ങിയിരിക്കേണ്ടതുമാണ്.

15. യൂണിറ്റിലെ പ്രവർത്തനങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സഹപാഠികളുടെ ഭവനങ്ങളിൽ സന്ദർശനം നടത്തി അവർക്ക് ആവശ്യമായ സഹായങ്ങൾ, അവർ താമസിക്കുന്ന കോളനി/പ്രദേശങ്ങളിൽ ആവശ്യമായ ചെറിയ പദ്ധതികൾ ഏറ്റെടുത്ത് നടത്തുവാനും എൻ.എസ്.എസ്. യൂണിറ്റുകൾ പ്രവർത്തിക്കുന്ന ഐ.ടി.ഐ.കൾക്ക് സമീപത്തുള്ള ഒരു ഗവ. ആശുപത്രി സന്ദർശിച്ച് ആവശ്യമായ ശുചീകരണ പ്രവർത്തനം, ഫർണിച്ചറുകളുടെ അറ്റകുറ്റപ്പണികൾ, വയറിംഗ് സംവിധാനത്തിലെ തകരാറുകൾ, പ്ലമ്പിംഗ് ജോലികൾ എന്നിവ നടത്തേണ്ടതാണ്.

16. 2013-14 വർഷത്തിലെ യൂണിറ്റുതല സാധാരണ പ്രവർത്തനങ്ങൾക്കും സ്പെഷ്യൽ ക്യാമ്പിനുമായി ഗ്രാന്റ് ഇൻ എയ്ഡായി ലഭിച്ച 9,50,000 രൂപയും പലിശ ഇനത്തിൽ ലഭിച്ച 22,123 രൂപ, മുൻ നീക്കിയിരിപ്പ് 51,155.61 ഉൾപ്പെട്ട 1023278.52 രൂപയിൽ 20 എൻ.എസ്.എസ്. യൂണിറ്റുകൾക്ക് സാധാരണ പ്രവർത്തനങ്ങൾക്ക് 22500 രൂപ ക്രമത്തിലും സ്പെഷ്യൽ ക്യാമ്പിന് 22500 രൂപ ക്രമത്തിലും അനുവദിച്ച് നൽകിയിട്ടുള്ളതും എൻ.എസ്.എസ്. സംസ്ഥാനതല പ്രവർത്തനങ്ങൾക്ക് നാളിതുവരെ 102,185 രൂപയും സംസ്ഥാനതല പ്രവർത്തനങ്ങൾക്കായി ഇനി 21093.52 രൂപ നീക്കിയിരിപ്പുള്ള കണക്കും 2013-14ലെ വരവു-ചെലവു കണക്കും ആഡിറ്റ് റിപ്പോർട്ടും അംഗീകരിച്ചു.

17. ഓരോ മാസവും നടത്തുന്ന എൻ.എസ്.എസ്. പ്രവർത്തനങ്ങളുടെ റിപ്പോർട്ടും ഫോട്ടോകളും പത്രമാധ്യമങ്ങളിലെ വാർത്തകളും അടുത്ത മാസം 5-ാം തീയതിക്ക് മുമ്പായി പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ ഇ-മെയിൽ വിലാസത്തിലും തപാൽമുഖേനയും ലഭിച്ചിരിക്കണം. ദേശീയതലത്തിൽ നിർദ്ദേശിക്കുന്ന എൻ.എസ്.എസ്. പരിപാടികൾ, സംസ്ഥാന എൻ.എസ്.എസ്. സെല്ലിന്റെയും വകുപ്പുതല എൻ.എസ്.എസ്. ഐ.ടി.ഡി. സെല്ലിന്റെയും ഉപദേശകസമിതികൾ രൂപം കൊടുക്കുന്ന പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവ വിശദീകരിക്കുവാനും നടപ്പിലാക്കുവാനും ആവശ്യമായ പരിശീലനം. പ്രോഗ്രാം ആഫീസർമാർക്കും വാളന്റിയർ ക്യാപ്റ്റൻ എന്നിവർക്ക് സംസ്ഥാനതലത്തിൽ നൽകുന്നതിന് തീരുമാനിച്ചു.

18. ഐ.ടി.ഡി., എൻ.എസ്.എസ്. സെല്ലിന് ആവശ്യമായ ഫർണിച്ചറുകൾ ഡയറക്ടറുടെ കാര്യാലയത്തിൽനിന്നോ തൊട്ടടുത്ത ഐ.ടി.ഐ. ആർ.ഐ. സെന്റർ എന്നിവിടങ്ങളിൽനിന്നും ലഭ്യമാ

മാർഗരേഖയ്ക്ക് വിധേയമായി അനുവദിക്കുന്നതിനും വകുപ്പ്തല വെബ്സൈറ്റിൽ ഈ വിവരം പ്രസിദ്ധീകരിക്കുവാനും പ്രോഗ്രാം കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തി.

**11. റെഡ് റിബൺ ക്ലബ്ബ്**

സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന റെഡ് റിബൺ ക്ലബുകളുടെ പ്രവർത്തനം കേരളത്തിലെ മുഴുവൻ സർക്കാർ/സ്വകാര്യ ഐ.ടി.ഐകളിലെ പരിശീലനാർത്ഥികൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിൽ വ്യാപിപ്പിക്കുവാൻ തീരുമാനിച്ചു.

**12. എൻ.എസ്.എസ്. വകുപ്പുതല പ്രവർത്തനം**

എൻ.എസ്.എസ്. പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്ന വ്യവസായ പരിശീലന വകുപ്പ് നാഷണൽ സർവ്വീസ് സ്കീം സെല്ലിന് സ്വന്തമായി ആഫീസ് അനുവദിക്കുന്നതിനും ആഫീസിലേക്ക് ആവശ്യമായ ഫർണിച്ചറുകൾ വകുപ്പുതലത്തിൽ ലഭ്യമാക്കുവാൻ തീരുമാനിച്ചു.

**13. യാത്രാബത്ത/ദിനബത്ത**

എൻ.എസ്.എസ്. പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് യാത്ര ചെയ്യുന്നതിനുള്ള യാത്രബത്ത, ദിനബത്ത വകുപ്പുതല ഫണ്ടിൽനിന്നും പ്രോഗ്രാം കോ-ഓർഡിനേറ്റർ, അസിസ്റ്റന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, പ്രോഗ്രാം ഓഫീസർമാർ എന്നിവർ അർഹരാണ്.

**14. ക്ഷേമപ്രവർത്തനങ്ങൾ**

വിവിധ സർക്കാർ ഏജൻസികൾ നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ അതാത് എൻ.എസ്.എസ്. യൂണിറ്റുകൾ ബന്ധപ്പെട്ട വകുപ്പുകളും ഏജൻസികളുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത് നടത്തേണ്ടതും പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ മുൻകൂർ അനുവാദം വാങ്ങിയിരിക്കേണ്ടതുമാണ്.

15. യൂണിറ്റിലെ പ്രവർത്തനങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സഹപാഠികളുടെ ഭവനങ്ങളിൽ സന്ദർശനം നടത്തി അവർക്ക് ആവശ്യമായ സഹായങ്ങൾ, അവർ താമസിക്കുന്ന കോളനി/പ്രദേശങ്ങളിൽ ആവശ്യമായ ചെറിയ പദ്ധതികൾ ഏറ്റെടുത്ത് നടത്തുവാനും എൻ.എസ്.എസ്. യൂണിറ്റുകൾ പ്രവർത്തിക്കുന്ന ഐ.ടി.ഐ.കൾക്ക് സമീപത്തുള്ള ഒരു ഗവ. ആശുപത്രി സന്ദർശിച്ച് ആവശ്യമായ ശുചീകരണ പ്രവർത്തനം, ഫർണിച്ചറുകളുടെ അറ്റകുറ്റപ്പണികൾ, വയറിംഗ് സംവിധാനത്തിലെ തകരാറുകൾ, പ്ലമ്പിംഗ് ജോലികൾ എന്നിവ നടത്തേണ്ടതാണ്.

16. 2013-14 വർഷത്തിലെ യൂണിറ്റുതല സാധാരണ പ്രവർത്തനങ്ങൾക്കും സ്പെഷ്യൽ ക്യാമ്പിനുമായി ഗ്രാന്റ് ഇൻ എയ്ഡായി ലഭിച്ച 9,50,000 രൂപയും പലിശ ഇനത്തിൽ ലഭിച്ച 22,123 രൂപ, മുൻ നീക്കിയിരിപ്പ് 51,155.61 ഉൾപ്പെട്ട 1023278.52 രൂപയിൽ 20 എൻ.എസ്.എസ്. യൂണിറ്റുകൾക്ക് സാധാരണ പ്രവർത്തനങ്ങൾക്ക് 22500 രൂപ ക്രമത്തിലും സ്പെഷ്യൽ ക്യാമ്പിന് 22500 രൂപ ക്രമത്തിലും അനുവദിച്ച് നൽകിയിട്ടുള്ളതും എൻ.എസ്.എസ്. സംസ്ഥാനതല പ്രവർത്തനങ്ങൾക്ക് നാളിതുവരെ 102,185 രൂപയും സംസ്ഥാനതല പ്രവർത്തനങ്ങൾക്കായി ഇനി 21093.52 രൂപ നീക്കിയിരിപ്പുള്ള കണക്കും 2013-14ലെ വരവു-ചെലവു കണക്കും ആഡിറ്റ് റിപ്പോർട്ടും അംഗീകരിച്ചു.

17. ഓരോ മാസവും നടത്തുന്ന എൻ.എസ്.എസ്. പ്രവർത്തനങ്ങളുടെ റിപ്പോർട്ടും ഫോട്ടോകളും പത്രമാധ്യമങ്ങളിലെ വാർത്തകളും അടുത്ത മാസം 5-ാം തീയതിക്ക് മുമ്പായി പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ ഇ-മെയിൽ വിലാസത്തിലും തപാൽമുഖേനയും ലഭിച്ചിരിക്കണം. ദേശീയതലത്തിൽ നിർദ്ദേശിക്കുന്ന എൻ.എസ്.എസ്. പരിപാടികൾ, സംസ്ഥാന എൻ.എസ്.എസ്. സെല്ലിന്റെയും വകുപ്പുതല എൻ.എസ്.എസ്. ഐ.ടി.ഡി. സെല്ലിന്റെയും ഉപദേശകസമിതികൾ രൂപം കൊടുക്കുന്ന പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവ വിശദീകരിക്കുവാനും നടപ്പിലാക്കുവാനും ആവശ്യമായ പരിശീലനം, പ്രോഗ്രാം ആഫീസർമാർക്കും വാളന്റിയർ ക്യാപ്റ്റൻ എന്നിവർക്ക് സംസ്ഥാനതലത്തിൽ നൽകുന്നതിന് തീരുമാനിച്ചു.

18. ഐ.ടി.ഡി., എൻ.എസ്.എസ്. സെല്ലിന് ആവശ്യമായ ഫർണിച്ചറുകൾ ഡയറക്ടറുടെ കാര്യാലയത്തിൽനിന്നോ തൊട്ടടുത്ത ഐ.ടി.ഐ. ആർ.ഐ. സെന്റർ എന്നിവിടങ്ങളിൽനിന്നും ലഭ്യമാ

ക്കുവാനും ലഭ്യമല്ലാത്തവ എൻ.എസ്.എസ്. സംസ്ഥാനതല ഫണ്ടിൽനിന്നും സംഭരിക്കുവാനും തീരുമാനിച്ചു.

19. എൻ.എസ്.എസ്., ഐ.റ്റി.ഡി. സെല്ലിന് പ്രവർത്തനങ്ങൾക്ക് ഒരു കംപ്യൂട്ടർ സിസ്റ്റം ഡയറക്ടറേറ്റിൽനിന്നോ തൊട്ടടുത്ത ഐ.ടി.ഐ.യിൽനിന്നോ അധികമായിട്ടുള്ളതും ഉപയോഗപ്രദമായതും കണ്ടെത്തുവാൻ പ്രോഗ്രാം കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തി.

20. എല്ലാ എൻ.എസ്.എസ്.യൂണിറ്റുകൾക്കും ആഫീസ് മുറി, ഫർണിച്ചർ, എൻ.എസ്.എസ്. ബോർഡ് എന്നിവ ഉണ്ടായിരിക്കേണ്ടതും എൻ.എസ്.എസ്. പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന വോളന്റിയർമാർക്ക് പ്രോഗ്രാം ഓഫീസർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പെർമിഷൻ നൽകേണ്ടതും പ്രോഗ്രാം ഓഫീസർമാർ വാളന്റിയർമാരുടെ ഹാജർ പുസ്തകം കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും എൻ.എസ്.എസ്. യൂണിറ്റ് പ്രവർത്തനങ്ങൾക്ക് അനുവദിച്ച ഫണ്ടുകൾ പ്രിൻസിപ്പാൾ/ പ്രോഗ്രാം ഓഫീസർ എന്നിവരുടെ സംയുക്ത അക്കൗണ്ടിൽ നാഷണൽ ബാങ്കുകളിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും കൃത്യമായ രജിസ്റ്റർ പ്രോഗ്രാം ആഫീസർമാർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

21. എൻ.എസ്.എസ്. പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന ഫണ്ടുകൾ കൃത്യമായി വിനിയോഗിക്കുന്നതിന് ചില പ്രിൻസിപ്പാൾമാർ തടസ്സവാദങ്ങൾ ഉന്നയിക്കുന്നതായി പ്രോഗ്രാം ഓഫീസർമാർ പ്രോഗ്രാം കോ-ഓർഡിനേറ്ററെ അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സാധാരണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ടുകൾ വിനിയോഗിക്കുന്നതിന് തയ്യാറാക്കിയ ബഡ്ജറ്റ് യോഗം അംഗീകരിക്കുകയും ആയത് പ്രകാരം ചെലവുകൾ ചെയ്യേണ്ടതുമാണ്. ബഡ്ജറ്റിൽ പ്രതിപാദിക്കാത്തതും പ്രാദേശികമായി വേണ്ടിവരുന്നതുമായ ചെലവുകൾക്ക് യൂണിറ്റ്തല ഉപദേശകസമിതിയുടെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

22. യൂണിറ്റ്തല ഉപദേശകസമിതികൾ വർഷത്തിൽ കുറഞ്ഞത് രണ്ട് പ്രാവശ്യമെങ്കിലും കൂടേണ്ടതാണ്. എൻ.എസ്.എസ്.പ്രവർത്തനങ്ങളിൽ എല്ലാ പ്രിൻസിപ്പാൾമാരും ജീവനക്കാരുടെയും സഹകരണം ഉണ്ടാക്കണമെന്നും എൻ.എസ്.എസ്. പ്രവർത്തനങ്ങളെ സംബന്ധിച്ച് ഉണ്ടാക്കുന്ന സംശയങ്ങൾ എൻ.എസ്.എസ്.ഐ.റ്റി.ഡി.സെൽ പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ ആഫീസുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതാണ്.

23. പുതിയതായി 100 എൻ.എസ്.എസ്. വാളന്റിയർമാരെ ഉൾപ്പെടുത്തി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ/പി.ടി.എ.കളുടെ സാമ്പത്തിക സഹായത്തോടുകൂടി എൻ.എസ്.എസ്. യൂണിറ്റുകൾ ആരംഭിക്കുവാൻ തയ്യാറായ സർക്കാർ, സ്വകാര്യ ഐ.ടി.ഐ. കളിൽ നിന്നും അപേക്ഷകൾ പ്രോഗ്രാം കോർഡിനേറ്റർക്ക് നൽകുന്ന തിന് പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകുവാൻ പ്രോഗ്രാം കോർഡിനേറ്ററെ യോഗം ചുമതലപ്പെടുത്തി.

24. ഈ വർഷം എല്ലാ എൻ.എസ്.എസ്. യൂണിറ്റുകളും കൈയ്യെഴുത്ത് മാസിക തയ്യാറാക്കണമെന്നും ഏറ്റവും നല്ല കൈയ്യെഴുത്ത് മാസികയ്ക്ക് അവാർഡ് നൽകുന്നതും മലയാള ദിനാഘോഷങ്ങളുടെ ഭാഗമായി മലയാള ഭാഷയിൽ കൈയ്യെഴുത്ത് മാസിക തയ്യാറാക്കേണ്ടതുമാണ്.

സ്പെഷ്യൽ ക്യാമ്പുകൾ 2015 മാർച്ച് 25-നകം എല്ലാ എൻ.എസ്.എസ്. യൂണിറ്റുകളും നടത്തിയിരിക്കേണ്ടതാണ്.

അസിസ്റ്റന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ എം.എസ്. ഗണേശൻ കൃതജ്ഞത രേഖപ്പെടുത്തി. യോഗം ഉച്ചയ്ക്ക് 1.30 ന് അവസാനിച്ചു.

sd/-

**എ. ഷൈനാമോൾ ഐ.എ.എസ്.**
ഡയറക്ടർ,
വ്യാവസായിക പരിശീലന വകുപ്പ്

ഉത്തരവിൻപ്രകാരം

**കെ.എസ്. ധർമ്മരാജൻ**
പ്രോഗ്രാം കോ-ഓർഡിനേറ്റർ,
ഐ.റ്റി.ഡി.എൻ.എസ്.എസ്. സെൽ